**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5412** **15-03-2023 - ൽ മറുപടിയ്ക്ക്**

**വനിത പോളിടെക്നിക്കുകളിലെ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിങ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനിത പോളിടെക്നിക്കുകളിലെ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിങ് എന്ന കോഴ്സ് കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കോഴ്സ് ആണോ സർട്ടിഫിക്കറ്റ് ലെവൽ കോഴ്സ് ആണോ എന്ന് വ്യക്തമാക്കാമോ; ഏത് വർഷം മുതലാണ് പ്രസ്തുത കോഴ്സ് ആരംഭിച്ചതെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത കോഴ്സ് ഉള്ളതെന്നും വ്യക്തമാക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ 1963-64 ൽ വനിതാ പോളിടെക്നിക്ക് കോളേജ് കൈമനം , വനിതാ പോളിടെക്നിക്ക് കോളേജ് കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തിയിരുന്ന 2 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ആയിരുന്നു. ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് കോഴ്സിൻെറ യഥാർത്ഥ പേര് ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻ ഷിപ്പ് എന്നായിരുന്നു. |
| (ബി) | മൂന്നുവർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിങ് കോഴ്സ് നിലനിൽക്കുമ്പോൾ വനിത പോളിടെക്നിക്കുകളിൽ രണ്ടുവർഷത്തെ പ്രസ്തുത കോഴ്സ് ആരംഭിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കോഴ്സ് നിലവിലില്ല. 1966-67 വരെ സിവിൽ ഡിപ്ലോമക്ക് അഡ്മിഷൻ നടത്തിയിരുന്നു. രണ്ട് വർഷത്തെ കോഴ്സ് കഴിഞ്ഞവർക്ക് ഒരു വർഷത്തെ സപ്ലിമെന്ററി കോഴ്സു കൂടി 1967-68, 1969-70 വർഷങ്ങളിൽ നടത്തിയിട്ടുള്ളതായി കാണുന്നു. ഏകദേശം 55 വർഷങ്ങൾക്ക് മുൻപുള്ള വിഷയമായതിനാലും , പ്രസ്തുത വിഷയം സംബന്ധിച്ചുള്ള അധിക വിവരങ്ങൾ പരിമിതമായതിനാലും, കോഴ്സ് അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുന്ന മറ്റ് രേഖകൾ നിലവിൽ ലഭ്യമല്ല. |
| (സി) | പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് അവസാനിപ്പിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഈ കോഴ്സ് അവസാനിപ്പിച്ചത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പ്രസ്തുത കോഴ്സ് നിലവിലില്ല. 1966-67 വരെ സിവിൽ ഡിപ്ലോമക്ക് അഡ്മിഷൻ നടത്തിയിരുന്നു. രണ്ട് വർഷത്തെ കോഴ്സ് കഴിഞ്ഞവർക്ക് ഒരു വർഷത്തെ സപ്ലിമെന്ററി കോഴ്സു കൂടി 1967-68, 1969-70 വർഷങ്ങളിൽ നടത്തിയിട്ടുള്ളതായി കാണുന്നു. ഏകദേശം 55 വർഷങ്ങൾക്ക് മുൻപുള്ള വിഷയമായതിനാലും , പ്രസ്തുത വിഷയം സംബന്ധിച്ചുള്ള അധിക വിവരങ്ങൾ പരിമിതമായതിനാലും, കോഴ്സ് അവസാനിപ്പിച്ചതിൻെറ കാരണം വ്യക്തമാക്കുന്ന മറ്റ് രേഖകൾ നിലവിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ